(എ) പരുതൂർ പഞ്ചായത്തിലെ ഓടുപാറ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവാക്കിയിട്ടുണ്ട് ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നത് അറിയിക്കുമോ ?

ഉത്തരം

(എ) പരതൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്ക് എ.ആർ.പി. സ്കീമിൽ 1993-ൽ 135 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. തൃതപ്പുഴയിൽ ഗ്യാലറി നിർമ്മിച്ച് ഇൻടേക്വെല്ലുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇൻടേക്വെല്ലിന്റെ അടിഭാഗം ചെളിയായതിനാൽ ബലപ്പെടുത്താനായി വർക്ക് അറേഞ്ചു ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ആവശ്യമായ 200 എം.എം.എ.സി. പൈപ്പ് സ്ഥാപിക്കുന്ന പണി 2750 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. റെയിൽവെ ക്രോസിംഗിന് അനുമതി തേടിയിട്ടുണ്ട്. 2.95 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ പണി പൂർത്തിയായിട്ടുണ്ട്. 36.497 കി.മീറ്റർ വിതരണ ശൃംഖലയിൽ 90% പൂർത്തീകരിച്ചു. 3½ കി.മീറ്റർ പൈപ്പുകൾ കൂടി ലഭ്യമാക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ മോട്ടോർ പമ്പ് സെറ്റിന് ടെണ്ടർ വിളിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പമ്പ് ഹൗസ്, ഫുട്ട് ബ്രിഡ്ജ് എന്നിവക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്. പമ്പ് ഹൗസിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) 126.93 ലക്ഷം രൂപ.

(സി) 31-12-2000-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

തൊഴിൽ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

42 (875) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻഎന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) തൊഴിൽ വകുപ്പിന്റെ കീഴിൽ ആവശ്യമായ ജീവനക്കാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) തൊഴിൽ വകുപ്പിൽ ഏതെല്ലാം ഓഫീസർ തസ്തികകളിലാണ് നേരിട്ട് നിയമനം നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പൊതുവിഭാഗത്തിലും വകുപ്പുതല സംവരണം വഴിയും ഇങ്ങനെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അഡീഷണൽ ലേബർ ഓഫീസർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം നടത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത നിയമനത്തിലുള്ള ലിസ്റ്റ് നിലവിലുണ്ടോ ;

(ജി) എന്നാണ് അവസാനമായി ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എച്ച്) മേൽപ്പറഞ്ഞ തസ്തികയിൽ ഈ വിഭാഗത്തിൽ ഒഴിവുകൾ നിലവിലുണ്ടോ ;

(ഐ) എങ്കിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ജെ) തൊഴിൽവകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമാക്കുന്നതിനും സംസ്ഥാനമൊട്ടുക്ക് ലേബർ എൻഫോഴ്സ്മെന്റ് ഓഫീസർമാരെ ഓരോ ജില്ലയിലും നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(കെ) സംസ്ഥാനത്ത് സമഗ്ര തൊഴിൽനയം പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൊഴിൽവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കെട്ടിക്കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി തീരുമാനം എടുക്കുക, ജില്ലകൾ തോറും 'പരിഹാരവേദി' സംഘടിപ്പിക്കുക, എല്ലാ തൊഴിലാളികൾക്കും മിനിമം കൂലി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി മിനിമം കൂലി ലഭിക്കാത്ത തൊഴിലാളികളുടെ കാര്യത്തിൽ ഇൻസ്പെക്ടർമാർതന്നെ അവകാശ പത്രികകൾ ഫയൽ ചെയ്ത് കൂലി ഈടാക്കി കൊടുക്കുക. സ്കാഡ് ഇൻസ്പെക്ടർ ശക്തിപ്പെടുത്തുക, പുതിയ മേഖലകൾ കണ്ടെത്തി മിനിമം കൂലി നിശ്ചയിക്കുക തുടങ്ങിയ നടപടികൾക്കു പുറമെ ലേബർ ഫണ്ട്-2000 എന്ന പേരിൽ സർക്കാർ ആവിഷ്ക്കരിച്ച 12 ഇന പരിപാടിയും നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്. ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിൽ മാത്രമാണ് നേരിട്ടുള്ള നിയമനം നടത്തുന്നത്.

(ഡി) പൊതുവിഭാഗത്തിലുള്ള (നേരിട്ടുള്ള) നിയമനത്തിന് ഒരു അംഗീകൃത സർവ്വകലാശാല ബിരുദവും കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ഇൻഡസ്ട്രിയൽ ജോലിയിലുള്ള ഡിഗ്രിയോ, മറ്റേതെങ്കിലും അംഗീകൃത സർവ്വകലാശാലയുടെ ലേബർ ലോ ഓപ്ഷണൽ വിഷയമായി എടുത്തിട്ടുള്ള എൽ.എൽ.ബി ബിരുദം അഥവാ എം. എസ്.ഡബ്ല്യൂ.എന്നിവയാണ് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. വകുപ്പുതല സ്ഥലമാറ്റം വഴിയുള്ള നിയമനത്തിന് അക്കൗണ്ട് ടെസ്റ്റും ലേബർ ഡിപ്പാർട്ടുമെന്റ് ടെസ്റ്റും പാസായിട്ടുള്ള വകുപ്പിലെതന്നെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

സീനിയറായിട്ടുള്ള യു.ഡി.ക്ലാർക്കുമാരെയാണ് അവരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നത്.

(ഇ) അഡിഷണൽ ജില്ലാ ലേബർ ഓഫീസർ എന്ന ഒരു തസ്തിക ഈ വകുപ്പിൽ നിലവിലില്ല. ജില്ലാ ലേബർ ഓഫീസർ തസ്തികയാണ് നിലവിലുള്ളത്. ഈ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം നടത്തുന്നില്ല.

(എഫ്-ഐ) ഉദിക്കുന്നില്ല.

(ജെ) സർക്കാരിന്റെ പരിശോധനയിലാണ്.

(കെ) സ്വീകരിച്ചുവരുന്നു.

തൊഴിലില്ലാത്തവർ

43 (876) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് തൊഴിലില്ലാത്തവരുടെ എണ്ണം എത്രയായിരുന്നു ;

(ബി) ഇതിൽ പുരുഷൻമാർ എത്ര ; സ്ത്രീകൾ എത്ര ;

(സി) 2000 മാർച്ച് 31 ന് തൊഴിൽരഹിതരുടെ എണ്ണം എത്രയായിരുന്നു ;

(ഡി) ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് എത്ര പേർക്ക് സ്ഥിരമായി തൊഴിൽ ലഭിച്ചു ;

(ഇ) തൊഴിലില്ലാത്തവർക്ക് തൊഴിൽ ലഭിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 31,08,376.

(ബി) പുരുഷൻമാർ - 14,37,349

സ്ത്രീകൾ - 16,71,028 .

(സി) 3,78,42,666 പേർ.

(ഡി) 77,052 പേർക്ക് പി.എസ്.സി. മുഖാന്തിരം നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

(ഇ) തൊഴിൽരഹിതർക്കുവേണ്ടി ഒരു പുതിയ സ്വയംതൊഴിൽ പദ്ധതിയായ കെബ്റൂ-99 എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പിലാക്കിയിരുന്നു. മറ്റു വകുപ്പുകളിൽ നിന്നും നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള സമാഹൃത വിവരം ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly